ലഭിക്കുന്ന കടിവെള്ളത്തിന്റെ ശുദ്ധതയെക്കുറിച്ച് ചില ആശങ്കകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നിരുന്നു. ഈ സാഹചര്യം മുന്നിൽക്കണ്ട് ജലസംഭരണിയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കി ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണ മെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അരുവിക്കര ഡാമിന്റെ വൃഷ്ടിപ്രദേശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും മണലും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ ആഴം കൂട്ടുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് മിനറൽ ഡിപ്പാർട്ടുമെന്റ് നടത്തിയ പഠന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചത് പരിശോധിച്ച് വരികയാണ്. റിസർവോയറിൽ അടിഞ്ഞുകൂടിയ പായലും മറ്റ് കളകളും അടിയന്തരമായി മാറ്റുവാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

9. പൂല്ലൂർ കശുവണ്ടി ഫാക്ടറി

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പൂല്ലൂർ കശുവണ്ടി ഫാക്ടറി കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയാണ്. അത് ഏതാനും നാളുകളായി അടഞ്ഞുകിടക്കുകയാണ്. മിനിമം കൂലി 30 ശതമാനം വർദ്ധനവോടെ നടപ്പാക്കിയെങ്കിലും കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് 800-ഓളം തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. ഈ കശുവണ്ടി ഫാക്ടറി അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ മാത്രമല്ല, കശുവണ്ടി വികസന കോർപ്പറേഷന്റെ എല്ലാ ഫാക്ടറികളും ഏതാനും മാസങ്ങളായി അടഞ്ഞു കിടക്കുകയാണ്. അതിന്റെ കാരണങ്ങൾ സഭ ചർച്ച ചെയ്തിട്ടുള്ളതിനാൽ ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ചില തീരുമാനത്തിൽ എത്തിയിട്ടുണ്ട്. ജനുവരി മാസത്തിനകം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. അതിന്റെ ഭാഗമായി മെമ്പർ സൂചിപ്പിച്ച ഫാക്ടറിയും തുറന്ന് പ്രവർത്തിക്കും.

10. C-APT-നെ അഴിമതി മുക്തമാക്കൽ

ശ്രീ. ബി. സത്യൻ: സർ, രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥയെ

LIBRARY ARCHIVES Kerala Legislative Assembly

വെല്ലുവിളിച്ചുകൊണ്ട് ഒരു സർക്കാർ ഉദ്യോഗസ്ഥൻ നിരന്തരമായി നടത്തുന്ന അഴിമതി കഥ നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതുസംബന്ധിച്ച് നടപടി ഉണ്ടാകാത്തതിനെ തുടർന്നാണ് സംഘടനകളും മാധ്യമങ്ങളും അഴിമതി സംബന്ധിച്ച വസ്തുതകൾ പുറത്ത് വന്നത്. തുടർന്ന് അങ്ങയുടെ ഗവൺമെന്റ് തന്നെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന C-APT മാനേജിംഗ് ഡയറക്ടർ പ്രൊഫ. സജിത് വിജയരാഘവനെ വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ട് തിരുവനന്തപുരം V.C 8/2015/SIU ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സസ്പെന്റ് ചെയ്ത് തുടരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, അങ്ങ് നേതൃത്വം നൽകുന്ന സർക്കാരിന്റെ കീഴിലുള്ള വിജിലൻസ് ഡിപ്പാർട്ടുമെന്റ് ആണ്. അങ്ങേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടും അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തതുവഴി കുറ്റാരോപിതനായ ആൾക്ക് നിലവിലുള്ള നിയമ വ്യവസ്ഥയെ വെല്ലുവിളിക്കാനും അതുവഴി വ്യവസ്ഥാപിതമായ നിയമവാഴ്ച നിലനിൽക്കുന്ന സംസ്ഥാനത്ത് മാനേജിംഗ് ഡയറക്ടർ തൽസ്ഥാനത്തിരുന്ന് ടി ഉദ്യോഗസ്ഥൻ നടത്തുന്ന തുടർന്നുള്ള പ്രവർത്തനങ്ങൾ സത്യസന്ധമായ അന്വേഷണത്തെ ബാധിക്കും. നിലയിലുള്ള തെളിവുകൾ നശിപ്പിക്കാനും കക്ഷികളെ സ്വാധീനിക്കാനും ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുവാനുള്ള സ്വാതന്ത്ര്യമാണ് അങ്ങ് നൽകുന്നതെന്ന് സവിനയം ഓർമ്മിപ്പിക്കുകയാണ്. ടി എം.ഡി.യെ സസ്പന്റ് ചെയ്ത് അന്വേഷണത്തിന് വേണ്ട സഹായം നൽകുകയാണ് ചെയ്യേണ്ടത്. അങ്ങ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനം ഒരു സന്ദർഭത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ കൂട്ടപ്പിരിച്ചുവിടൽ നേരിട്ടതാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ വലിയ പരിശ്രമം നടത്തിയാണ് ആ സ്ഥാപനത്തെ ഇപ്പോൾ മുന്നോട്ട് കൊണ്ടുപോകുന്നത്. പാഠപുസ്തക പ്രിന്റിംഗ് രംഗത്ത് ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ, മെഷിനറി വാങ്ങിയതിൽ ഉണ്ടായിട്ടുള്ള അഴിമതി തുടങ്ങി എത്ര അഴിമതി കേസ്സുകളാണുള്ളത്. സ്ഥാപനത്തിലെ എം.ഡി.യെ സംബന്ധിച്ചിടത്തോളം ഉയർന്നു വന്നിട്ടുള്ള ഏറ്റവും വലിയ അഴിമതിയാണിത്. ലോട്ടറി ടിക്കറ്റ് പ്രിന്റിംഗ് അഴിമതി, പത്താം ക്ലാസ് പാഠപുസ്തക അച്ചടിയിലെ അഴിമതി സംസ്ഥാന ധനകാര്യ വകുപ്പ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിലും വലിയ അഴിമതി കണ്ടെത്തിയിരിക്കുന്നു. ലോട്ടറി പ്രിന്റിംഗിന് വേണ്ടി വേരിയബിൾ ഡാറ്റാ പ്രിന്റിംഗ് മെഷിനറി വാങ്ങിയതിലെ അഴിമതി തുടങ്ങിയ നിരവധി അഴിമതിക്കഥകൾ .....(മൈക്ക് ഓഫ്).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബി. സത്യൻ, പറയേണ്ട കാര്യങ്ങൾ പറഞ്ഞല്ലോ. വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള C-APT, 2012 മുതൽ പ്രിന്റിംഗിനുവേണ്ടി മെഷിനറി വാങ്ങിയതും ലോട്ടറി ടിക്കറ്റിൽ ബാർ കോഡിംഗ് നമ്പരിടുന്നതിനായി വേരിയബിൾ ഡാറ്റാ പ്രിന്റർ സ്വകാര്യ സ്ഥാപനത്തിൽനിന്നും വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് വിഇ.03/14/എസ്.ഐ.യു. നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിൽ താഴെപ്പറയുന്ന ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ 4-12-2015-ൽ വിസി/08/15/എസ്.ഐ.യു.II നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശ്രീ. സജിത് വിജയരാഘവൻ, എം.ഡി, സി-ആപ്റ്റ്
2. ശ്രീ. വി. ജയഗോപാൽ, ഓഫീസർ ഇൻ-ചാർജ്, പർച്ചേസ് (മെറ്റീരിയൽ ഡിവിഷൻ), സി-ആപ്റ്റ്
3. ശ്രീ. പി. വി. ദിനേശൻ, മെമ്പർ, ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി
4. ശ്രീ. രാംകുമാർ ഗണേശൻ, മാനേജിംഗ് പാർട്ണർ, M/s. അൻസാല, ചെന്നൈ
5. ശ്രീ. പി.ബി. പ്രസാദ്, മാനേജിംഗ് ഡയറക്ടർ, M/s. എക്സ്പ്രസ് പ്രിന്റിംഗ് സൊല്യൂഷൻ ലിമിറ്റഡ്, ചെന്നൈ.

2015-16 വർഷത്തെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറംകരാർ നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളിന്മേൽ സെക്രട്ടേറിയറ്റ് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. വിസി08/15/എസ്.ഐ.യു.II നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിന്റെ തീർപ്പിനനുസൃതമായി ഇക്കാര്യത്തിലും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

11. കെ.എസ്.ഇ.ബി. മസ്ദൂർ തസ്തിക

ശ്രീ. കെ. ശിവദാസൻ നായർ: സർ, കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ